## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4315 12.11.2019-ൽ മറുപടിക്ക്

## റിസ്ക് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് തിരിച്ചടവ് പൂർത്തിയാവുന്നതിന് മുമ്പ് വായ്പക്കാരൻ മരണപ്പെടുന്നപക്ഷം ആറ് മാസത്തിലധികം കുടിശ്ശിക വരുത്തിയ വായ്പക്കാരുടെ കാര്യത്തിൽ ആശ്വാസമായി റിസ്ക് ഫണ്ടിൽ നിന്ന് തുക അനുവദിക്കരുതെന്ന് നിഷ്കർഷിക്കുന്നുണ്ടോ; | (എ) | സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് വായ്പാകാലവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയക്കേണ്ട തീയതി മുതൽ ആറ് മാസത്തിലധി കരിച്ചും വായ്പ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി ആറ് മാസത്തിലധികരിച്ചും, വായ്പമുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ അനുകൂല്യത്തിന് അർഹത ഉണ്ടായിരി ക്കുന്നതല്ല എന്ന് റിസ്ക്ഫണ്ട് നിയമാവലി ഖണ്ഡിക 4(ബി) യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (കുടിശ്ശിക എന്നാൽ കേരള സഹകരണ നിയമത്തിനും ചട്ടത്തിനും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറിനും വിധേയമായിരിക്കുന്ന താണ്.) റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണെന്ന് റിസ്ക് ഫണ്ട് നിയമാവലി ഖണ്ഡിക 13(6) ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | സാമ്പത്തിക പ്രയാസമോ ഗുരുതര രോഗമോ പിടിപെട്ടതിന്റെ പേരിൽ കുടിശ്ശിക വന്നവർക്ക് ആനുകൂല്യം ലഭ്യമാക്കാൻ വ്യവസ്ഥയുണ്ടോ; | (ബി) | സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തതിനുശേഷം മാരക രോഗം പിടിപെടുന്ന വായ്പക്കാരുടെ ചികിത്സ ധനസഹായത്തിന് ഒരു ലക്ഷം രൂപ |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | വരെ അനുവദിക്കുന്നതിന് വായ്പ കുടിശ്ശിക ബാധകമായിരിക്കുന്നതല്ലായെന്ന് റിസ്ക് ഫണ്ട് നിയമാവലി ഖണ്ഡിക 4(സി) യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**